# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 40 | | | 08.08.2017 - ൽ മറുപടിക്ക് |
|---|---|---|---|
| **ചരക്കു സേവന നികുതിമൂലമുള്ള സംസ്ഥാനത്തിന്റെ നേട്ടവും കോട്ടവും** | | | |
| | ചോദ്യം | | മറുപടി |
| | ശ്രീ. യു.ആർ പ്രദീപ്<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>പ്രൊഫ. കെ.യു അരുൺൻ<br>ശ്രീ. പി.വി അൻവർ | | ഡോ. ടി.എം തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി പ്രാബല്യത്തിലായതോടെ സംസ്ഥാനത്തിന്റെ വികസന നയത്തിന് അനുസൃതമായി നികുതി സമാഹരിക്കാൻ സംസ്ഥാനത്തിനുണ്ടായിരുന്ന പരിമിതമായ അധികാരം കൂടി ഇല്ലാതായത് വികസന പ്രക്രിയയെ ഏത് വിധത്തിൽ ബാധിക്കാനിടയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) & (ബി) | നേരത്തെ ഉണ്ടായിരുന്ന വിൽപ്പന നികുതിയിൽ നിന്നും ബഹുഭൂരിപക്ഷം ചരക്കുകളും മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിലേയ്ക്ക് മാറിയതോടുകൂടി നികുതി നിരക്കുകൾ നിർണ്ണയിക്കുന്നതിന് ഉണ്ടായിരുന്ന അധികാരം ഭാഗീകമായി സംസ്ഥാനങ്ങൾക്ക് നഷ്ടമായി. ജി.എസ്.ടി ഈ പ്രവണതയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ധന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് അനുഗുണമായ ഒന്നല്ല ജി.എസ്.ടി സമ്പ്രദായം. അതേസമയം ഭരണാഘടനാ ഭേദഗതിയിലൂടെ ജി.എസ്.ടി നടപ്പിലാക്കാൻ തീരുമാനിക്കപ്പെട്ട സാഹചര്യത്തിൽ അതിന്റെ ഉള്ളിൽ നിന്നുകൊണ്ട് പരമാവധി സംസ്ഥാന താൽപ്പര്യത്തിന് അനുഗുണമായ തരത്തിൽ ഈ നികുതി സമ്പ്രദായം കൊണ്ടുവരാനുള്ള ശ്രമമാണ് സംസ്ഥാന സർക്കാർ നടത്തിയത്.<br>സംസ്ഥാന സമ്പദ്ഘടനയുടെ സവിശേഷതമൂലം ജി.എസ്.ടി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ജി.എസ്.ടി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷുറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. കൂടാതെ കേരളത്തിൽ സേവനമേഖല പൊതുവെ അഭൂതപൂർവ്വമായ വളർച്ചയാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ സേവനമേഖലയിലെ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്ത് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ഈ അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ വികസന മുൻഗ |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തികാധികാരം കവർന്നെടുക്കപ്പെട്ടെങ്കിലും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നികുതി തുകയിൽ മെച്ചമുണ്ടാകുമെന്ന് കണക്കാക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | | |

| | | | |
|---|---|---|---|
| | | | ണനകൾക്ക് അനുസൃതമായി ഇടപെടൽ നടത്താനാണ് ശ്രമിക്കുന്നത്. ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാസ്സാക്കിയിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയില്ല. |
| (സി) | നിലവിലുണ്ടായിരുന്ന വാറ്റ് സമ്പ്രദായത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന് സംസ്ഥാനത്ത് വില്പന നടത്തിയിരുന്ന ചരക്കിന്റെ നികുതി സംസ്ഥാനത്ത് വിൽക്കുന്ന സമയത്താണ് ഈടാക്കിയിരുന്നതെന്നതിനാൽ ജി.എസ്.ടി യിൽ ഏതു വിധത്തിലുള്ള അധിക നേട്ടമാണ് ഉണ്ടാകാനിടയുള്ളത്; | (സി) | ജി.എസ്.ടി യിൽ വ്യാപാരി മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ചരക്ക് വാങ്ങുമ്പോൾ നൽകുന്ന നികുതി സംസ്ഥാനത്തിനകത്ത് വിൽക്കുന്നതിന് മുൻപ് തന്നെ നേരിട്ട് സംസ്ഥാനത്തിന് ലഭിക്കുന്നു. വ്യാപാരി സംസ്ഥാനത്തിനകത്ത് ചരക്ക് വിൽക്കുന്നതിലുള്ള കാലതാമസം തുടക്കത്തിലെ നികുതിവരുമാനത്തെ ബാധിക്കുന്നില്ല. തുടർന്ന് വില്പന നടത്തുമ്പോൾ ആയതിന്റെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നു. ഇതിനുപുറമെ ഇ-കൊമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിനുള്ള അന്തർസംസ്ഥാന വാങ്ങൽ എന്നിവ പ്രാപ്യസ്ഥാന തത്ത്വം പ്രകാരം സംസ്ഥാനത്തിന് നികുതി ലഭിക്കും. ജി.എസ്.ടിക്കു മുമ്പ് ഇത് അന്തർസംസ്ഥാന വില്പനയായാണ് പരിഗണിച്ചിരുന്നത്. പ്രസ്തുത നികുതി സംസ്ഥാനത്തിന് ലഭിച്ചിരുന്നില്ല. |
| (ഡി) | സംസ്ഥാനത്തുനിന്ന് കേന്ദ്ര സർക്കാർ പിരിച്ചെടുത്തിരുന്ന കേന്ദ്ര എക്സൈസ് തീരുവ, സേവന നികുതി എന്നിവ മൂല്യ വർദ്ധിത നികുതി തുകയുമായി താരതമ്യം അർഹിക്കാത്ത വിധം കുറവായിരുന്നതിനാൽ സംസ്ഥാനത്ത് നിന്ന് പിരിച്ചെടുക്കുന്ന ആകെ നികുതിയുടെ (ജി.എസ്.ടി) പകുതി കേന്ദ്ര സർക്കാരിന് നൽകേണ്ടി വരുന്നത് സംസ്ഥാനത്തിനുണ്ടാക്കാവുന്ന നികുതി നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്താമോ? | (ഡി) | സംസ്ഥാനത്ത് ഏറ്റവമധികം വളർച്ചയുള്ളത് സർവ്വീസ് മേഖലയിലാണ്. ബാങ്കിംഗ്, ടെലികോം, ഇൻഷുറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. സർവ്വീസ് മേഖലയിൽ നിന്നുള്ള അധിക വരുമാനം സംസ്ഥാനത്തിന് വലിയ നേട്ടമുണ്ടാക്കും എന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ